I ഇ.ബി. XV - കേരള നിയമസഭ/V-1

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂൺ 27, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂൺ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

(ശ്രീ. രാഹുൽ ഗാന്ധി, എം.പി.-യുടെ വയനാട് ഓഫീസ് ആക്രമിച്ചതിൽ പ്രതിഷേധിച്ചുണ്ടായ ബഹളത്തെത്തുടർന്ന് രാവിലെ 9.04-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

## I. ചരമോപചാരം

പി. ജെ. തോമസ്, തലേക്കുന്നിൽ ബഷീർ, എം. പി. ഗോവിന്ദൻ നായർ, കെ. ശങ്കരനാരായണൻ, യു. എസ്. ശശി, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, എസ്. ത്യാഗരാജൻ, പ്രയാർ ഗോപാലകൃഷ്ണൻ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗങ്ങളായ പി. ജെ. തോമസ്, തലേക്കുന്നിൽ ബഷീർ, എം. പി. ഗോവിന്ദൻ നായർ, കെ. ശങ്കരനാരായണൻ, യു. എസ്. ശശി, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, എസ്. ത്യാഗരാജൻ, പ്രയാർ ഗോപാലകൃഷ്ണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

(ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്യാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ. കെ. ഡി. പ്രസേനൻ, ഇ. കെ. വിജയൻ, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

(അടിയന്തരപ്രമേയ നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണിച്ചില്ല; തുടർന്ന് ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്ത് കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## III. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:**

(i) 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ.

(പ്രസ്തുത ബില്ലിന്റെ അവതരണങ്ങൾ മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവച്ചു.)

(ii) <u>2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ.</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 10.23-ന് പിരിഞ്ഞു.

********